പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *115 01/07/2015 ൽ മറുപടിയ്ക്ക്

## പുതിയ അധ്യയന വർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ശശി<br>ശ്രീ. സി.ദിവാകരൻ<br>ശ്രീ. കെ.അജിത്ത്<br>ശ്രീ. ജി.എസ്.ജയലാൽ | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) പുതിയ അധ്യയന വർഷത്തേക്കുള്ള പാഠ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിട്ടുണ്ടോ ; ഇല്ലെങ്കിൽ അച്ചടി വൈകാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (എ) പുതിയ അധ്യയന വർഷത്തേക്കുള്ള പാഠ പുസ്തകങ്ങളുടെ അച്ചടി പൂർത്തിയായി വരികയാണ്. എല്ലാവർഷവും പാഠപുസ്തക അച്ചടിയ്ക്കുള്ള പേപ്പർ സംഭരണം ജനുവരി മാസത്തിൽപൂർത്തീ യാകാറുണ്ട്. എന്നാൽ പേപ്പർ സംഭരണത്തിൽ ഈ വർഷം കാലതാമസം നേരിട്ടതാണ് അച്ചടി വൈകാൻ ഇടയായ സാഹചര്യം. ഈ വർഷം 2,4,6,8 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മാറ്റമുള്ളതിനാൽ അച്ചടി നേരത്തെ തുടങ്ങാൻ കഴിഞ്ഞിരുന്നില്ല. ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി / പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും പൂർത്തി യാക്കിട്ടുണ്ട് |
| ബി) ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി എത്ര പാഠപുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്; ഇതിൽ ആദ്യഘട്ടത്തിൽ ആവശ്യമായ പുസ്തകങ്ങളുടെ എണ്ണംഎത്ര; | (ബി) ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലായി 3,73,15,500 പുസ്തകങ്ങളാണ് അച്ചടിക്കാനുള്ളത്. ഇതിൽ ആദ്യഘട്ടത്തേക്കാവശ്യമായ പാഠപുസ്തക ങ്ങളുടെ എണ്ണം 2,33,26,800 ആണ്. |
| സി) പാഠപുസ്തക അച്ചടിയിലെ പ്രതിസന്ധി പരിഹരിച്ച് പുസ്തകങ്ങൾ യഥാസമയം വിദ്യർത്ഥികൾക്ക് എത്തിച്ചുകൊടുക്കുന്നതിന് എന്തു സംവിധാനമാണുള്ളതെന്ന് വിശദമാക്കുമോ ? | (സി) ജൂലൈ 20 നകം അച്ചടി പൂർത്തിയാക്കുന്നതിന് കർശന നിർ ദ്ദേശം കെ.ബി.പി.എസിന് നൽകി ട്ടുണ്ട്. ജൂലൈ 31നകം ഈ പുസ്തകങ്ങളുടെ വിതരണം പൂർത്തീകരി ക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. |

സെക്ഷൻആഫീസർ